# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1935 | 14.08.2017 - ൽ മറുപടിക്ക്. |

## ബഡ്സ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.ബി.സതീഷ് | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കാമോ; എല്ലാ പഞ്ചായത്തുകളിലും ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സർക്കാരിന്റെ 29-07-2009-ലെ സ.ഉ(എം.എസ്)നം. 148/09/തസ്വഭവ നം.ഉത്തരവു പ്രകാരം ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. എല്ലാ പഞ്ചായത്തുകളിലും ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നകാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

4493

**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എസ്റ്റാ - പതിനൊന്നാം പദ്ധതി മാർഗ്ഗ രേഖ- ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ രേഖ അംഗീകരിച്ചുകൊണ്ടും ജില്ലാ തല ഉപദേശക സമിതി രൂപീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐഎ)വകുപ്പ്

സ.ഉ.(എം.എസ്) നം.148/09/തസ്വഭവ തീയതി, തിരുവനന്തപുരം 29/7/2009.

---

പരാമർശം
1 സ.ഉ (എം.എസ്) നം 183/07/തസ്വഭവ തീയതി 24/7/2007
2 സ.ഉ (എം.എസ്) നം 73/08/തസ്വഭവ തീയതി 13/3/2008
3 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15/4/2009 ലെ കെ എസ്എൽ-7384 -2008 നമ്പരിലുള്ള കത്ത്.

**ഉത്തരവ്**

മേൽ ഒന്നാം പരാമർശിത ഉത്തരവ് പ്രകാരം പഞ്ചായത്തുകൾക്ക് "ബഡ്സ്" സ്പെഷ്യൽ സ്കൂൾ മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക സ്കൂളുകൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് അനുമതി നല്കിയിരുന്നു. പല പഞ്ചായത്തുകളും പരിശീലനം സിദ്ധിച്ച അദ്ധ്യാപകരില്ലാതെയും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാതെയും ബാലവാടി മാതൃകയിൽ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട് ഈ നടപടി ബഡ്സ് സ്കൂളുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കു വിരുദ്ധമാണ്. നിലവിൽ ബഡ്സ് സ്കൂളുകൾക്ക് കുറഞ്ഞ നിലവാരം നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗ രേഖയും ഇതു പാലിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നതിനുള്ള ജില്ലാ തല ഉപദേശക സമിതിയുടെ അഭാവവും കാരണമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു

മേൽപറഞ്ഞ സാഹചര്യത്തിൽ ബഡ്സ് മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പഞ്ചായത്തുകൾ നേരിട്ട് പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും, മോണിറ്ററിംഗിനുമായി ജില്ലാ തല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവു പുറപ്പെടുവിക്കണമെന്നും മേൽ പരാമർശിതകത്തിലൂടെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

ബഡ്സ് സ്കൂൾ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കേണ്ട മാർഗ്ഗ രേഖയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം ബഡ്സ് മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പഞ്ചായത്തുകൾ നേരിട്ട് പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും, മോണിറ്ററിംഗിനുമായി ചുവടെ ചേർക്കുന്ന അംഗങ്ങളുൾപ്പെടുത്തി ജില്ലാ തല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതി രൂപീകരിച്ചുകൊണ്ടും ബഡ്സ് സ്കൂൾ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ രേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

| | |
|---|---|
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | - ചെയർപേഴ്സൺ |
| ജില്ലാ തല കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ | - കൺവീനർ |
| ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | - അംഗം |
| സർക്കാരിന്റെ നോമിനി (കമ്മ്യൂണിറ്റി വികസന വകുപ്പ്, മെഡിക്കൽ കോളേജ്) | -അംഗം |
| ജില്ലാ പ്ലാനിംഗ് ഓഫീസർ | - അംഗം |
| ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | - അംഗം |
| ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് | - അംഗം |
| ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | - അംഗം |
| ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | - അംഗം |

ജില്ലാ പ്രോജക്ട് ആഫീസർ എസ്.എസ്.എ, ജില്ലാ പഞ്ചായത്തിലെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും, ബഡ്സ് സ്കൂൾ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുക്കേണ്ടതാണ്.

3 പ്രസ്തുത ഉപദേശക സമിതി പുതിയ ബഡ്സ് സ്കൂൾ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് അംഗീകരിക്കുന്നതു കൂടാതെ താഴെപറയുന്ന ചുമതലകൾ കൂടി നിർവ്വഹിക്കുന്നതാണ്.

a. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വികലാംഗർക്കായുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുക, വിലയിരുത്തുക, ലഭ്യമാക്കാവുന്ന സർക്കാർ സേവനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക

b. ബഡ്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുക

c. വിദഗ്ദ്ധ സഹായം ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ ചെയ്യുക.

d. മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് പുരോഗതി അവലോകനം ചെയ്യുക.

4. അത്യാവശ്യ സന്ദർഭങ്ങളിൽ ഉപദേശക സമിതിയുടെ ചെയർമാന് വർക്കിംഗ് കമ്മിറ്റി/സബ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ത്വരിതപ്പെടുത്താവുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡി.മോഹനപ്രസാദ്
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
എല്ലാ കുടുംബശ്രീ ഡിസ്ട്രിക്ട് മിഷൻ കോർഡിനേറ്റർ മാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം.)
എല്ലാ സിഡിഎസ്/എഡിഎസ്സുകൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ പാങ്ങപ്പാറ, തിരുവനന്തപുരം.
(തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ

പകർപ്പ്:- തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.

അനുബന്ധം

## ബഡ്സ് സ്കൂൾ മാർഗ്ഗ രേഖ

ബഡ്സ് മാതൃകയിൽ മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക വിദ്യാലയങ്ങളും-ക്ഷേമ സ്ഥാപനങ്ങളും ആരംഭിക്കുന്നത് ജി.ഒ (എം.എസ്) നം. 183/07/തസ്വഭവ തീയതി 24-7-2007 പ്രകാരം സർക്കാർ അനുവാദം നല്കിയിട്ടുണ്ട്. ഇതിൻ പ്രകാരം പഞ്ചായത്തുകൾക്ക് കുടുംബശ്രീയുടെ സഹായത്തോടെ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി ബഡ്സ് മാതൃകയിൽ പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും ഹോണറേറിയം നല്കുന്നതിന് അംഗീകാരവും നല്കിയിരുന്നു. കുടുംബശ്രീയുടെ ശ്രമഫലമായി ഇതിനകം 9 സ്കൂളുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഇതു കൂടാതെ ബ്ലോക്ക് പഞ്ചായത്തു പ്രദേശത്തും മിനിമം നിലവാരം പോലും പാലിക്കാതെ അടിസ്ഥാന സൗകര്യങ്ങളും പിരശീലനം സിദ്ധിച്ച അദ്ധ്യാപികമാരും ഇല്ലാതെ ഒന്നിലധികം ബഡ്സ് സ്കൂളുകൾ തുടങ്ങിയിട്ടുമുണ്ട്. ഈ സ്ഥാപനങ്ങളിൽ അധികവും ഏകാദ്ധ്യാപക സ്കൂളിന് സമാനമായിട്ടാണ് ആരംഭിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങളില്ലാതെ ഇപ്രകാരം സ്പെഷ്യൽ സ്കൂളുകൾ ആരംഭിച്ചാൽ ഇവയ്ക്ക് അംഗീകാരം ലഭിക്കാൻ ബുദ്ധിമുട്ടാകുമെന്നു മാത്രമല്ല, ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിപരീതമാവുകയും ചെയ്യും. ആയതുകൊണ്ട് മേലിൽ ബഡ്സ് സ്കൂൾ (പ്രത്യേക വിദ്യാലയങ്ങൾ), ആരംഭിക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ടതാണ്. ഈ നിബന്ധനകൾ പാലിക്കാതെ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും ഹോണറേറിയം നല്കുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ 2008-09 വർഷം ഡി.പി.സി അംഗീകാരത്തോടെ പ്ലാൻ ഫണ്ട് തുക ഉപയുക്തമാക്കി ആരംഭിക്കുകയോ തുടരുകയോ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെ ഈ നിബന്ധനകളിൽ നിന്നും സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കിയിരിക്കുന്നു. പ്രസ്തുത സ്ഥപനങ്ങളും നിശ്ചിത കാലയളവിനുള്ളിൽ നിലവാരം മെച്ചപ്പെടുത്തേണ്ടതാണ്.

**നിബന്ധനകൾ**

1) സ്ഥാപനം കുട്ടികൾക്ക് എത്തിച്ചേരാൻ കഴിയുന്ന യാത്ര സൗകര്യമുള്ളതും, ഭൗതീക അപകട സാധ്യത ഒഴിവായ സ്ഥലത്തും ആയിരിക്കണം. ലൊക്കേഷൻ ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പാർക്കുന്നവർക്ക് സൗകര്യ പ്രദമാകണം.

2) സ്ഥാപനത്തിന് 15 സെന്റിൽ കുറയാതെ സ്വന്തം ഭൂമിയോ, പൊതു സ്ഥലമോ ലഭ്യമായിരിക്കണം.

3) 25-50 കുട്ടികൾക്കായി കുട്ടി ഒന്നിന് 40 സ്ക്വയർ ഫീറ്റ് എന്നതോതിൽ കെട്ടിട സൗകര്യമുണ്ടായിരിക്കണം. 25 കുട്ടികളെങ്കിലും ഇല്ലാതെ (5-21 വരെ) സ്കൂൾ ആരംഭിക്കുവാൻ പാടില്ല

4) സ്കൂൾ കെട്ടിടത്തിൽ കുറഞ്ഞത് 5 ക്ലാസ് മുറികളും (പൊതുഹാൾ തട്ടികവച്ച് മറച്ചതുൾപ്പെടെ) ഓഫീസ്, സ്റ്റാഫ്, റിക്രിയേഷൻ, സ്റ്റോർ, അടുക്കള, ഭക്ഷണശാല, തൊഴിൽ പരിശീലനം, തെറാപ്പി, പകൽ പരിപാലനം എന്നിവയ്ക്കും സ്ഥല സൗകര്യങ്ങൾ ഉള്ളതായിരിക്കണം.

5) കെട്ടിടം തടസവിമുക്തവും അപായ വിമുക്തവും ആയിരിക്കണം

6) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി തിരിച്ച് ഏറ്റവും കുറഞ്ഞത് 4 ബാത്തുറൂമുകൾ ഉണ്ടായിരിക്കണം ഒന്നു വീതം യൂറോപ്യൻ ക്ലോസറ്റ് ആയിരിക്കണം.

7) അടുക്കള, സ്റ്റോർ, ഭക്ഷണമുറി എന്നിവിടങ്ങൾ, പൊടി, പുക, നനവ്, അഴുക്ക് എന്നിവ ഇല്ലാത്തവിധം അടുക്കള ശുചിത്വം പാലിക്കുന്നവയായിരിക്കണം

8) വൃത്തിയുള്ള തീൻമേശകളും, കുടിവെള്ളവും, കൈകഴുകാൻ സൗകര്യവും മാലിന്യ നിർമ്മാർജ്ജന സൗകര്യവും ഉണ്ടായിരിക്കണം.

9) ആവശ്യത്തിന് പഠനോപകരണങ്ങൾ, ഫർണീച്ചർ, തൊഴിൽ പരിശീലന ഉപാധികൾ, ഫിസിയോതെറാപ്പി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിരിക്കണം

10) അംഗീകൃത പരിശീലനം സിദ്ധിച്ച (ആർസിഐ) മൂന്നു അദ്ധ്യാപകരും, 2 ആയമാരും, ഒരു പാചകക്കാരിയും സ്കൂളിൽ ഉണ്ടായിരിക്കണം. കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതിനുസരിച്ച് ജീവനക്കാരുടെ എണ്ണവും വർദ്ധിപ്പിക്കണം

11) ഓരോ തരത്തിലുള്ള വൈകല്യം ബാധിച്ച കുട്ടികൾക്കും ഓരോരുത്തർക്കും അനുയോജ്യമായ തരത്തിലുള്ള ഫർണിച്ചറുകൾ ലഭ്യമാക്കണം.

12) മുതിർന്ന / പ്രായപൂർത്തിയായ കുട്ടികൾക്കായി തൊഴിലധിഷ്ഠിത പരിശീലനപരിപാടികൾ സംഘടിപ്പിക്കണം

13) ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികളുടെ അമ്മമാർക്കും സ്കൂൾ പ്രവർത്തിസമയം സ്കൂളിൽ കുട്ടിയോടൊപ്പം ചിലവഴിക്കാൻ സൗകര്യമൊരുക്കണം.

14) ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മെഡിക്കൽ ഓഫീസർ, സോഷ്യൽ വർക്കർ എന്നിവരുടെ സന്ദർശനം കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമുണ്ടായിരിക്കണം. കൗൺസിലിങ്ങിനുള്ള സംവിധാനവും ഏർപ്പെടുത്തണം

15) കുട്ടികൾക്ക് യാത്ര സൗകര്യം ലഭ്യമാക്കണം.

16) രക്ഷാകർതൃയോഗം മാസത്തിലൊരിക്കലെങ്കിലും ചേരേണ്ടതാണ്

17) പ്ലാൻ ഫണ്ടിൽ നിന്നും സ്കൂൾ ചെലവുകൾ നിർവ്വഹിക്കുന്നത് പരമാവധി കുറച്ച് ധനസമാഹരണ സാധ്യതകൾ കണ്ടെത്തി വിഭവ സമാഹരണം നടത്തുവാൻ പരിശ്രമിക്കേണ്ടതാണ്.

18) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വൈകല്യബാധിത കുട്ടികളെയും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് പരിഗണിക്കണം കൂടാതെ സ്റ്റേറ്റ് കമ്മീഷൻ ഫോർ പീപ്പിൾ വിത്ത് ഡിസ് എബിലിറ്റീസുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ സർവ്വേ നടത്തേണ്ടതാണ്

19) സ്കൂൾ ആരംഭിക്കുന്നതിനു മുമ്പ്, ത്രിതല പഞ്ചായത്തുകൾക്ക് ബോധ്യപ്പെടും വിധം സാധ്യതാ പഠനം നടത്തുന്നത് അഭികാമ്യമായിരിക്കും (ഐ.സി.ഡി.എസ്. കുടുംബ സർവ്വേ രേഖ)

20) ചെറിയ ബ്ലോക്കുകളിൽ ഒന്നും വലിയ ബ്ലോക്ക് പ്രദേശത്ത് ഒന്നിലധികവും ബഡ്സ് സ്കൂൾ സ്ഥാപിക്കാവുന്നതാണ്. സ്വകാര്യ/സന്നദ്ധ സ്ഥാപനങ്ങൾ തൃപ്തികരമായി പ്രവർത്തിക്കുന്ന പഞ്ചായത്തുകളിൽ പുതിയ ബഡ്സ് സ്കൂൾ ആരംഭിക്കേണ്ടതില്ല എന്നാൽ പ്ലാൻ ഫണ്ട് നിബന്ധനകൾക്കു വിധേയമായി പകൽ പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ് ഈ

സ്ഥാപനങ്ങൾക്ക് സാമൂഹ്യ ക്ഷേമ വകുപ്പു മുഖേന വികലാംഗ ജന നിയമ പ്രകാരമുള്ള അംഗീകാരം വാങ്ങേണ്ടതാണ്.

21) ത്രിതല പഞ്ചായത്ത് കൂടിയാലോചന നടത്തി സംയോജന സാധ്യത ഉറപ്പാക്കി കുറഞ്ഞ സൗകര്യങ്ങളും മനുഷ്യ വിഭവശേഷിയും ലഭ്യമാക്കി മാത്രമേ മേലിൽ പുതിയ സ്പെഷ്യൽ സ്കൂൾ ആരംഭിക്കാവൂ. (2009-10 മുതൽ)

22) 1995-ലെ വികലാംഗ ജന നിയമമനുസരിച്ച് സ്പെഷ്യൽ സ്കൂൾ നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം പ്രവർത്തനം ആരംഭിച്ച് താമസം കൂടാതെ വാങ്ങേണ്ടതാണ്.

23) ബഡ്സ് മാതൃകയിലുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു മുമ്പ്, ജില്ലാ തല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതിയുടെ അനുമതി വാങ്ങേണ്ടതാണ്.

സ്കൂൾ ആരംഭിക്കുന്നതിനുള്ള ശുപാർശമാത്രമാണ് ഉപദേശക സമിതി നല്കുന്നത് സ്കൂളുകൾക്ക് പ്രവർത്തനം ആരംഭിച്ച ശേഷം വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിർബന്ധമായും അംഗീകാരം വാങ്ങേണ്ടതാണ് സ്കൂൾ ആരംഭിക്കുന്നതിന് സാധ്യതാ പഠനം നടത്തിയ റിപ്പോർട്ടും ത്രിതല പഞ്ചായത്ത് കൂടിയാലോചനയുടെ വിവരങ്ങളും ചേർത്ത് സ്കൂൾ ആരംഭിക്കുന്നതിനുള്ള വിവരണാത്മകമായ ലഘു പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം ഉപദേശക സമിതി ചെയർമാനും കൺവീനർക്കും സമർപ്പിക്കേണ്ടതാണ്. ശുപാർശ നല്കുന്നതിന് ചെയർമാൻ മുൻകൈയെടുക്കേണ്ടതാണ്. സ്ഥാപനങ്ങൾ നടത്തുന്ന എല്ലാ തദ്ദേശ സ്ഥാപനങ്ങളും (സ്കൂൾ പ്രധാനാധ്യാപിക തയ്യാറാക്കിയത്) മൂന്നുമാസത്തിലൊരിക്കൽ പുരോഗതി റിപ്പോർട്ട് കൺവീനർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ചെയർമാന്റെ നിർദ്ദേശാനുസരണം കൺവീനർ മീറ്റിംഗുകൾ വിളിച്ചു ചേർക്കുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യേണ്ടതാണ്.

ജില്ലയിലെ എം.പിമാർ, എം.എൽ.എമാർ എന്നിവരെ പ്രത്യേക ക്ഷണിതാക്കളായി ക്ഷണിക്കാവുന്നതും അവരുടെ നിർദ്ദേശങ്ങളും സഹകരണവും ഉറപ്പാക്കേണ്ടതുമാണ്.